## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 149** **12.06.2019 ൽമറുപടിയ്ക്ക്**

**അന്തർസംസ്ഥാന കോൺട്രാക്ട് ക്യാരേജ് ബസ്സുകളിലെ യാത്രാസൗകര്യം**

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, പി.കെ.ബഷീർ<br>,, പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | അന്തർസംസ്ഥാന കോൺട്രാക്ട് ക്യാരേജ് ബസ്സുകളിൽ സുഗമമായ യാത്രാസൗകര്യം ഏർപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരം സർവ്വീസുകൾ നടത്തുന്ന ബസ്സ് ഓപ്പറേറ്റർമാർ ലൈസൻസ്ഡ് ഏജന്റ് ഫോർ പബ്ലിക് ട്രാൻസ്പോർട്ട് പദവിയിലാണോ പ്രവർത്തിക്കുന്നതെന്നും ആണെങ്കിൽ അതനുസരിച്ചുള്ള സൗകര്യങ്ങൾ അവരുടെ ഓഫീസുകളിൽ ഏർപ്പെടുത്തിയിട്ടുണ്ടോ എന്നും പരിശോധിച്ചിട്ടുണ്ടോ; | (ബി) | 1989 ലെ കേരള മോട്ടോർ വാഹന ചട്ടത്തിലെ റൂൾ 193 പ്രകാരം എൽ എ പി റ്റി ലൈസൻസ് അനുവദിക്കുമ്പോഴും നിലവിലുള്ള ലൈസൻസുകൾ പുതുക്കി നൽകുമ്പോഴും പാലിയ്ക്കേണ്ട നിബന്ധനകൾ നിഷ്കർഷിച്ചുകൊണ്ട് 26/4/19 ലെ 74/ബി1/19/ഗതാ പ്രകാരം സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ സ്വീകരിയ്ക്കാവുന്ന നടപടികൾ സംബന്ധിച്ച് ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) |
| (സി) | കല്ലട ബസ്സ് യാത്രക്കാർക്ക് ക്രൂരമായ മർദ്ദനമേറ്റതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ മോട്ടോർവാഹന വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) | 24.04.2019 മുതൽ "operation night riders" എന്ന പേരിൽ അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന കോൺട്രാക് ട് കാരേജ് ബസ്സുകളിൽ പ്രത്യേക പരിശോധന നടത്തി വരുന്നു. നാളിതുവരെ 7,480 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും, 2,76,09,850/- രൂപ പിഴയായി ഈടാക്കുകയും ചെയ് തിട്ടുണ്ട്. |
| (ഡി) | ഇപ്രകാരം സർവ്വീസ് നടത്തുന്ന വാഹനങ്ങളിലൂടെ ചരക്കുകൾ വൻതോതിൽ കടത്തി നികുതി വെട്ടിപ്പ് നടത്തുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) | ഇത്തരം വാഹനങ്ങളിൽ നികുതി വെട്ടിച്ച് ചരക്കുകൾ കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പെർമിറ്റ് പ്രകാരം അനുവദനീയമായ അളവിൽ കൂടുതൽ ചരക്ക കടത്തുന്നതായ ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം കേസുകളിൽ അമിത ഭാരത്തിന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

നം: ബി1-74-2019-ഗതാ

ഗതാഗത (ബി) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 04.06.2019

പ്രിൻസിപ്പൽ സെക്രട്ടറി

ഗതാഗത കമ്മീഷണർ,
തിരുവനന്തപുരം.

സർ,

വിഷയം:- ഗതാഗത വകുപ്പ് - LAPT ലൈസൻസ് ഇല്ലാത്ത ബുക്കിംഗ് ഓഫീസുകൾ യാത്രക്കാരെ ക്യാൻവാസ് ചെയ്യുന്നതിനെതിരെ സ്വീകരിക്കാവുന്ന നടപടികൾ - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 02.05.2019 ലെ ഇ 1/18473/2012/TC നമ്പർ കത്ത്.

.......

സൂചനയിലേക്ക ശ്രദ്ധ ക്ഷണിക്കുന്നു. LAPT ലൈസൻസ് ഇല്ലാത്ത ബുക്കിംഗ് ഓഫീസുകൾ യാത്രക്കാരെ ക്യാൻവാസ് ചെയ്യുന്നതിനെതിരെ സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1988 ലെ മോട്ടോർ വാഹന ആക്ടിലെ 93 ആം വകുപ്പ് (1) ആം ഉപവകുപ്പ് താഴെപ്പറയും പ്രകാരമാണ്.-

"93. Agent or canvasser to obtain licence.- (1) No person shall engage himself -

(i) as an agent or a canvasser, in the sale of tickets for travel by public service vehicle or in otherwise soliciting customers for such vehicles, or

(ii) as an agent in the business of collecting, forwarding or distributing goods carried by goods carriages, unless he has obtained a licence from such authority and subject to such conditions as may be prescribed by the State Government."

ടി വകുപ്പ് പ്രകാരം ബന്ധപ്പെട്ട അധികാരസ്ഥാനത്തിന്റെ ലൈസൻസ് ലഭിച്ച ആളുകൾക്ക് സംസ്ഥാന സർക്കാർ നിഷ്കർഷിച്ച വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ

പബ്ലിക് സർവീസ് വാഹനങ്ങളിലേയ്ക്കുള്ള ടിക്കറ്റ് വിൽപ്പന നടത്തുന്നതിനോ, അങ്ങനെയുള്ള വാഹനങ്ങളിലേയ്ക്ക് യാത്രക്കാരെ കൊണ്ടുപോവുന്ന ആവശ്യത്തിലേയ്ക്ക് ഏജന്റായി പ്രവർത്തിക്കുന്നതിനോ കാൻവാസ് ചെയ്യുന്നതിനോ സാധിക്കുകയുള്ളൂ. ലൈസൻസ് നൽകുമ്പോൾ ഉചിതമായ വ്യവസ്ഥകൾ/നിബന്ധനകൾ സർക്കാരിന് ഉൾപ്പെടുത്താവുന്നതാണെന്ന് ടി വകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്.

മാത്രമല്ല 1988 ലെ മോട്ടോർ വെഹിക്കിൾസ് ആക്ടിലെ 96 ആം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാരിന് താഴെപ്പറയുന്ന കാര്യത്തിനായി ചട്ടം രൂപീകരിക്കാൻ അധികാരമുള്ളതാണ്.

"96 (xxviii) the licensing of and the regulations of the conduct of agents for canvassers who engage in the sale of tickets for travel by public service vehicles or otherwise solicit customers for such vehicles;"

കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 193 ഉപചട്ടം (2), (8), (10) എന്നിവ താഴെപ്പറയും പ്രകാരമാണ്.-

"193 (2) No person shall act an agent or canvasser and no owner of the public service shall so employ any person unless he has obtained an agents licence in form LAPT granted by the Regional Transport Authority concerned authorising such person carrying on of such business.

Explanation.- For the purpose of this sub-rule, persuading any person, soliciting or attempting to persuade any person, to travel in a public service vehicle shall be deemed to be acting as an agent or canvasser in the sale of tickets or travel thereby.

(8) The Regional Transport Authority may, for reasons to be recorded in writing, decline to issue or renew an agent's licence or grant such licence on such conditions as the Regional Transport Authority may consider fit to

impose. The renewal of the licence shall be by endorsement thereof on the original licence.

(10) (i) The Regional Transport Authority may, for reasons to be recorded in writing suspend or cancel a licence.

(ii) On an agent's licence being suspended, cancelled or not renewed, it shall be surrendered forthwith to the Regional Transport Authority which issued the licence.

(iii) Before suspending or cancelling a licence under this rule, the Regional Transport Authority shall give the licensee an opportunity of being heard."

പ്രസ്തുത ചട്ടങ്ങൾ പ്രകാരം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി LAPT ഫോമിൽ നൽകുന്ന ലൈസൻസ് ഇല്ലാതെ യാതൊരു വ്യക്തിയും ഏജന്റോ ക്യാൻവാസറോ ആയി പ്രവർത്തിക്കാൻ പാടില്ലാത്തതും യാതൊരു വാഹന ഉടമയും അങ്ങനെയുള്ള ജോലിയ്ക്ക് ആളെ നിയോഗിക്കാൻ പാടില്ലാത്തതുമാണ്.

മാത്രമല്ല ടി ചട്ടത്തിലെ ഉപചട്ടം (8) പ്രകാരം ലിഖിതമായ കാരണങ്ങളോട് കൂടി ലൈസൻസ് നൽകാതിരിക്കുന്നതിനോ പുതുക്കി നൽകാതിരിക്കുന്നതിനോ അല്ലെങ്കിൽ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയ്ക്ക് യുക്തമാണെന്ന് തോന്നുന്ന അങ്ങനെയുള്ള നിബന്ധനകൾക്ക് വിധേയമായി ലൈസൻസ് നൽകുന്നതിനോ അധികാരമുള്ളതാണ്. കൂടാതെ ഉപചട്ടം (10) പ്രകാരം ലൈസൻസ് സസ്പെന്റ് ചെയ്യുന്നതിനോ റദ്ദാക്കുന്നതിനോ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയ്ക്ക് അധികാരമുണ്ട്.

1988 ലെ മോട്ടോർ വെഹിക്കിൾസ് ആക്റ്റിലെ അദ്ധ്യായം XIII-ൽ ടി ആക്റ്റിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നവർക്കുള്ള ശിക്ഷകൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നു.

ടി അദ്ധ്യായത്തിലെ 193, 199 വകുപ്പുകൾ താഴെപ്പറയും പ്രകാരമാണ്.-

"193 Punishment of agents and canvassers without proper authority.- Whoever engages himself as an agent or canvasser in contravention of the provisions of Section 93 or any rules made thereunder shall be punishable for the first offence with fine which may extend to one thousand rupees and for any second or subsequent offence with imprisonment which may extend to 6 months or with fine which may extend to two thousand rupees or with both."

"199 Offences by companies.- (1) Where an offence under this Act has been committed by a company, every person who, at the time offence was committed, was in charge of, and was responsible to, the company for the conduct of the business of the company, as well as the company, shall be deemed to be guilty of the contravention and shall be liable to be proceeded against and published accordingly:

Provided that nothing in this sub-section shall render any such person liable to any punishment provided in this Act, if he proves that the offence was committed without his knowledge or that he exercised all due diligence to prevent the commission of such offence.

(2)Notwithstanding anything contained in sub-section (1), where an offence under this Act has been committed by a company, and it is proved that the offence was committed with the consent or connivance of, or is attributable to any neglect on the part of any director, manager, secretary or other officer of the company, such director, manager, secretary or other officer shall also be deemed to be guilty of that offence and shall be liable to the proceeded against and punished accordingly.

Explanation.- For the purposes of this section – (a) "company" means any body corporate and includes a firm or other association of individuals; and

(b) "director", in relation to a firm, means a partner in the firm."

1988 ലെ മോട്ടോർ വെഹിക്കിൾസ് ആക്ടിലെ 93 ആം വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ അല്ലെങ്കിൽ അങ്ങനെയുള്ള വ്യവസ്ഥകൾ ലംഘിക്കുന്നത് 199 ആം വകുപ്പിലെ വിശദീകരണ കുറിപ്പ് പ്രകാരം കമ്പനി എന്ന നിർവചനത്തിൻ കീഴിൽ വരുന്ന സ്ഥാപനമാണെങ്കിൽ അങ്ങനെയുള്ള കമ്പനികൾക്കെതിരെ, 199 ആം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായും; 193 ആം വകുപ്പ് പ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കാവുന്നതാണ്.

വിശ്വസ്തതയോടെ
**സ്മിത. എസ്.**
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി.

അംഗീകാരത്തോടെ.

സെക്ഷൻ ഓഫീസർ

**GOVERNMENT OF KERALA**
**Transport(B) Department**

No.74/B1/2019/Tran.    Dated, Thiruvanathapuram, 26.04.2019.

## CIRCULAR

Sub:- Issue of licence in Form 'LAPT' under rule 193 of the Kerala Motor Vehicles Rules – reg:-

*****

As per section 93 of the Motor Vehicles Act, 1988, no person shall engage himself as an agent or a canvasser, in the sale of tickets for travel by public service vehicles or in otherwise soliciting customers for such vehicles unless he has obtained a licence from the authority concerned. As empowered by the said section, the State Government have made rules prescribing the conditions subject to which such licences may be issued, in addition to the conditions specified in the section.

Rule 193 of the Kerala Motor Vehicles Rules, 1989 provides the conditions under which a licence may be issued in Form "LAPT". As per sub-rule (8) of rule 193, a Regional Transport Authority may grant such licence on such conditions as the Regional Transport Authority may consider fit to impose.

In the context of the recent issue relating to the safety of passengers in some buses operated by certain private operators, the Government considers it necessary that the Regional Transport Authorities in the State shall consider to

attach certain strict conditions while issuing licence in Form 'LAPT' and there shall be uniformity in such conditions as far as possible.

In the above circumstances, all the Regional Transport Authorities shall consider to impose the following conditions also while issuing or renewing licences in Form 'LAPT' under rule 193, with immediate effect:-

**The additional conditions to be observed by the RTA's while issuing/renewing the 'LAPT' licence.**

**I. Requirement of Booking Office**

1. The office space should be minimum of 150 square feet size with the following passenger facilities:
   - (i) Customer Lounge, with comfortable seating arrangements for at least 10 passengers; including the ladies.
   - (ii) Toilet facility within the premises.
   - (iii) Cloak Room with a locker facility.
   - (iv) C.C.T.V facility with back up data storage for up to 6 months.
   - (v) Drinking water facility.
   - (vi) Portable fire extinguisher (DCP-5 kgs).
2. Sufficient stopping space for the vehicle for boarding and alighting the passengers without disturbing the free flow of traffic and the other road users
3. Parking space for at least 3 heavy passenger vehicles within a distance of 5kms
4. No booking office/parking place shall be within 500 metres from the KSRTC/ moffusil Bus Stand .
5. The complaint redressal telephone numbers of the Kerala Police, the concerned RTO and the women helpline shall be exhibited in the office.

**II. General Conditions to be observed by the License Holders**

1. The LAPT Licence shall be exhibited in the office in a conspicuous space.
2. The name of the booking office shall be exhibited with the Licence number in front of the building.
3. The names of the operators(with whom the licensee is having the contract) shall be exhibited in the office with their contact numbers.
4. The time schedule of the vehicle shall be exhibited.
5. The names and contact numbers of the crew shall be exhibited before commencing the trip.
6. The real-time location of the vehicle shall be shown through the digital media.
7. Quarterly Return shall be filed before the Secretary of the RTA concerned, by the LAPT licensee.
8. The licence holder shall maintain a register of the passenger travelling in the format attached, and the vehicles shall at all times carry a list of the passengers in respect of each trip. This list shall be produced on demand by the officers authorized to demand

the production of the document. The same shall be kept for a period of one year for further verification.

9. The operator shall not engage in or use any vehicle for any illegal activity or for the transportation of goods/ contraband other than the personal luggage of the travelling passengers.
10. The licensee shall ensure and inform the passengers regarding the availability of refreshment and toilet facilities within a distance of every 50 kms enroute.
11. The ticket should have the details of the vehicle, crew, passengers, helpline numbers of the police, MVD, Women Helpline, etc.
12. The licensee/operator shall have sufficient alternative arrangements of substitute vehicles in the case of any breakdown.

**The following qualifications of the Licensee shall be observed while considering the applications for the 'LAPT' licence by the RTA:-**

(a) Age of licensee: 18 years (minimum)
(b) The applicant should not have any criminal history; a police clearance certificate shall be obtained.
(c) The financial resource of the applicant should be sufficient to provide a sustainable service.
(d) The applicant should have adequate computer knowledge .(Desirable)

K.R. JYOTHILAL,
PRINCIPAL SECRETARY

To,

The Transport Commissioner,
The Managing Director, KSRTC,
The District Collector, Kasaragod
All RTO's (through Transport Commissioner)
I & PRD (for publishing in the official website)
Stock File / Office Copy.

Forwarded/ By Order;

Section Officer.